കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E3-26144/2020/PrHQ ; തീയതി : 23-06-2021

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി-2021 വർഷത്തേക്കുള്ള പദ്ധതിയിൽ പ്രീമിയം തുക ഒടുക്കുവാൻ സാധിക്കാതിരുന്ന ജീവനക്കാരുടെ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ടുള്ള "16/06/2021 തീയതിയിലെ സ.ഉ (അച്ചടി) നം.84/2021/ധന എന്ന സർക്കാർ ഉത്തരവ്" അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

എസ് സന്തോഷ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **(1). എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും,**
(2). അക്കൌണ്ട്സ് ഓഫീസർ.

(3) TC3 (Web Site)

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും.

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി-2021 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (അച്ചടി) നം.150/2020/ധന തീയതി,തിരുവനന്തപുരം, 05/11/2020.

പരാമർശം:- 1) 23/11/2010 ലെ സ.ഉ(പി) നമ്പർ 616/2010/ധന

2) 04/11/2011 ലെ സ.ഉ(പി) നമ്പർ 504/2011/ധന

3) 03/11/2012 ലെ സ.ഉ(പി) നമ്പർ 606/2012/ധന

4) 17/04/2013 ലെ സ.ഉ(പി) നമ്പർ 176/2013/ധന

5) 19/10/2013 ലെ സർക്കുലർ നം 79/എസ്റ്റാ-ഡി2/2013/ധന

6) 13/11/2013 ലെ സ.ഉ(പി) നമ്പർ 555/2013/ധന

7) 17/11/2014 ലെ സ.ഉ(പി) നമ്പർ 507/2014/ധന

8) 19/11/2015 ലെ സ.ഉ(പി) നമ്പർ 526/2015/ധന

9) 30/09/2016 ലെ സ.ഉ(പി) നമ്പർ 144/2016/ധന

10) 21/10/2017 ലെ സ.ഉ(പി) നമ്പർ 133/2017/ധന

11) 12/11/2018 ലെ സ.ഉ(പി) നമ്പർ 175/2018/ധന

12) 30/05/2019 ലെ സർക്കുലർ നമ്പർ 57/2019/ധന

13) 24/02/2019 ലെ സ.ഉ(പി) നമ്പർ 21/2019/ധന

14) 18/11/2019 ലെ സ.ഉ(പി) നമ്പർ 159/2019/ധന

15) 28/01/2020 ലെ സ.ഉ(പി) നമ്പർ 11/2020/ധന

16) 17/06/2020 ലെ സ.ഉ(പി) നമ്പർ 83/2020/ധന

17) 20/10/2020 തീയതിയിലെ ഇൻഷുറൻസ് ഡയറക്ടറുടെ ഇൻഷ/ ജി.പി.എ.ഐ.എസ്/എം.3/റ്റി 002007529 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷുറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ,

പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ,എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 14 പ്രകാരം ടി പദ്ധതി 2020 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സർക്കാർ ജീവനക്കാർ 500/-രൂപ,സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/പൊതുമേഖലാ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ 500 രൂപ +GST, കെ.എസ്.ആർ.ടി.സി ജീവനക്കാർ 600/- + GST,കെ.എസ്.ഇ.ബി ജീവനക്കാർ 850/- + GST,എസ്.എൽ.ആർ വിഭാഗം ജീവനക്കാർ 500 രൂപ +GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. ജി.എസ്.റ്റി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്കു വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാന്റോകൾക്ക് കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷ അനുവദിച്ച് കൊണ്ട് പരാമർശം 13 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം റിസർവ് ബറ്റാലിയൻ കമാന്റോകളുടെ വാർഷിക പ്രീമിയം 800/- രൂപയായും കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ അപകടത്തിന് ഇരയായാൽ വാഗ്ദത്ത തുക 20 ലക്ഷം രൂപയായും മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട് .

മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31/12/2020 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2021 മുതൽ 31/12/2021 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 17 പ്രകാരം കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01/01/2021 മുതൽ 31/12/2021 വരെ പുതുക്കി നടപ്പാക്കുന്നതിന് ഉത്തരവാകുന്നു.

i) നിലവിലുള്ള പ്രീമിയം നിരക്കിൽ വാഗ്ദത്ത തുക 10 ലക്ഷമായി തുടരുന്നതാണ്.

ii) ഇന്ത്യ റിസർവ്വ് ബറ്റാലിയൻ കമാന്റോകൾക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിൻ കീഴിൽ നിലവിലുള്ള പ്രീമിയം നിരക്കിൽ വാഗ്ദത്ത തുക 20 ലക്ഷമായി തുടരുന്നതാണ്.

iii) ഇന്ത്യ റിസർവ്വ് ബറ്റാലിയൻ കമാൻഡോകൾക്ക് പരാമർശം 13,14 പ്രകാരം നൽകിവരുന്ന പ്രത്യേക ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിൽ, അതേ വ്യവസ്ഥകൾക്ക് വിധേയമായി, സമാനമായ തൊഴിൽ സ്വഭാവം വരുന്ന വനിത പോലീസ് ബറ്റാലിയൻ കമാൻഡോകളെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

iv) മദ്യത്തിന്റെ സ്വാധീനം/നിയമം തെറ്റിച്ചത് എന്നിവ മൂലം അല്ലാതെ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് Coma stage ൽ ആവുകയും ആ അവസ്ഥയ്ക്ക് മാറ്റം ഇല്ലാതെ ദീർഘനാൾ കിടന്ന് മരണപ്പെടുകയും ചെയ്യുന്ന പക്ഷം, പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭ്യമായില്ലെങ്കിൽ കൂടിയും, Discharge summary , treatment records ,medical certificate എന്നിവയുടെ അടിസ്ഥാനത്തിൽ മുഴുവൻ ക്ലെയിം തുകയും അനുവദിക്കാവുന്നതാണ്.

v) ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭ്യമാകുന്നതിന് കോ ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ , പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ പരാമർശം 5,12 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ് .ടി ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാണ്.

എന്നാൽ SLR വിഭാഗം ജീവനക്കാർക്കും ,സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും എസ്.എൽ.ഐ, ജി.ഐ.എസ് ബാധകമല്ലെങ്കിലും ജി.പി.എ.ഐ.എസ് അംഗത്വത്തിന് അർഹതയുണ്ടായിരിക്കും .

vi) 2021 വർഷത്തേയ്ക്കുള്ള പ്രീമിയം 2020 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2020 ഡിസംബർ 31 നകം ട്രഷറിയിൽ അടയ് ക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, സസ്പെൻഷനിലുള്ളവർ, മറ്റെന്തെങ്കിലും കാരണവശാൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2020 ഡിസംബർ 31-നകം സ്വന്തം നിലയ്ക്ക് പ്രീമിയം ട്രഷറിയിൽ അടച്ചിരിക്കണം. കൂടാതെ, എന്തെങ്കിലും കാരണവശാൽ 2020 നവംബർ മാസത്തെ ശമ്പളം ലഭിക്കാത്ത എസ്.എൽ.ആർ വിഭാഗം ജീവനക്കാർ 2020 ഡിസംബർ 31-നകം സ്വന്തം നിലയ്ക്ക് പ്രീമിയം തുക ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

vii)KSR XII A(leave for taking up employment abroad), KSR XII C (leave for joining spouse) പ്രകാരം ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയുന്നതല്ല .

viii) ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ്.

എല്ലാ വകുപ്പ മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിങ്ങ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ്.എം.കൗൾ**

**ധനകാര്യ എക്സ്പെൻഡീച്ചർ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.1606378)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

# **സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കോവിഡ് 19 രോഗവ്യാപനം/ മറ്റ് സാങ്കേതിക കാരണങ്ങളാൽ യഥാസമയം പ്രീമിയം തുക ട്രഷറിയിൽ ഒടുക്കുവാൻ കഴിയാതിരുന്ന ജീവനക്കാരുടെ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.84/2021/ധന** **തീയതി, തിരുവനന്തപുരം, 16/06/2021.**

---

പരാമർശം:- 1) 23/11/2010 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 616/2010/ധന

2) 05/11/2020 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 150/2020/ധന

3) 28/01/2021 തീയതിയിലെ സ.ഉ(അച്ചടി) നം. 15/2021/ധന

4) 07/05/2021 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ.എസ്/എം3/റ്റി 002103271 നമ്പർ കത്ത്

## **ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01/01/2021 മുതൽ ഒരു വർഷത്തേക്ക് കൂടി പുതുക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന ജീവനക്കാർക്കായി 2021 ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പം 31/03/2021 വരെ പ്രീമിയം തുക ഒടുക്കി 2021 വർഷത്തെ ജി.പി.എ.ഐ.എസ് പദ്ധതിയിൽ ചേരുന്നതിനുള്ള സമയപരിധി പരാമർശം (3) പ്രകാരം ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ കോവിഡ് 19 രോഗവ്യാപനം/ മറ്റ് സാങ്കേതിക കാരണങ്ങളാൽ ജി.പി.എ.ഐ.എസ് പ്രീമിയം തുക അടക്കാൻ സാധിക്കാത്തവർക്ക് 2021 വർഷത്തെ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയും അതോടൊപ്പം പരാമർശം (4) പ്രകാരം സമയപരിധി ദീർഘിപ്പിക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31/03/2021 വരെ സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടും പ്രീമിയം തുക ട്രഷറിയിൽ ഒടുക്കുവാൻ കഴിയാതിരുന്ന ജീവനക്കാരുടെ ജി.പി.എ.ഐ.എസ് പ്രീമിയം തുക "8658-102-88-suspense account -GPAI Fund" എന്ന ശീർഷകത്തിൽ ഒടുക്കുന്നതിനുള്ള സമയപരിധി, **ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് പ്രീമിയം തുക ട്രഷറിയിൽ ഒടുക്കി രസീത്/ചെല്ലാൻ കൈപ്പറ്റുന്ന തീയതി മുതൽ മാത്രമായിരിക്കും എന്ന നിബന്ധനക്കു വിധേയമായി, 2021 ജൂൺ 30 വരെ** ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2021 ജനുവരി മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള പുതിയ ജീവനക്കാരെ 2021-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. 30/06/2021 തീയതിക്ക് ശേഷം പ്രീമിയം തുക ഒടുക്കുന്നതിന് സ്പാർക്കിൽ സൗകര്യം ലഭിക്കുന്നതല്ല.

പരാമർശം (2) സർക്കാർ ഉത്തരവിലെ മറ്റെല്ലാ വ്യവസ്ഥകളും നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുനിൽ ദാസ് എസ്.വൈ**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

2/2

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും.
എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും.
എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ടി ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു).
ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ടി ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു).
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
സ്പാർക്, 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം തിരുവനന്തപുരം - 695034
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.1606378)

ഉത്തരവിൻ പ്രകാരം

Sasidharan

സെക്ഷൻ ഓഫീസർ